ഭരണഭാഷ – മാതൃഭാഷ

അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെൻറ്), നന്ദാവനം, തിരുവനന്തപുരം-33
✆ 0471-2322146, ✉ addlecenfo.exc@kerala.gov.in

EXCENF/86-21/XJ3

തീയതി: 17.05.2021

പ്രേഷകൻ
അഡീഷണൽഎക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
തിരുവനന്തപുരം.

ഗ്രാഹകർ
എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ
എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ

സർ,

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് – കോവിഡ് 19 ന്റെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയ ലോക്ക്ഡൗൺ – അനധികൃത മദ്യത്തിന്റെ നിർമ്മാണം, ഉപഭോഗം – തടയുന്നതിനുള്ള തീവ്രയത്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ – സംബന്ധിച്ച്.

സൂചന :

*******

കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സംസ്ഥാനമാകെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുകയാണ്. ലോക്ക്ഡൗണിന്റെ ഭാഗമായി സംസ്ഥാനത്ത് കള്ള്ഷാപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ മദ്യവിൽപശാലകളും എല്ലാം അടഞ്ഞു കിടക്കുകയാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെ വ്യാപനം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉൽപാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനു വേണ്ടി എല്ലാ മുൻകരുതലുകളും സ്വീകരിക്കേണ്ടതാണ്. സംസ്ഥാനത്ത് മേൽ പറഞ്ഞ കുറ്റകൃത്യങ്ങൾ സംഭവിക്കാതിരിക്കുന്നതിന് ഉടൻ പ്രാബല്യത്തിൽ **<u>ലോക്ക്ഡൗൺ തീരുന്നതുവരെയുള്ള കാലാവധി സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ആയി പ്രഖ്യാപിക്കുന്നു.</u>** ഈ സമയത്ത് യാതൊരു തരത്തിലുള്ള അനിഷ്ട സംഭവങ്ങളും ഉണ്ടാകാതിരിക്കുവാൻ ഓരോ ഉദ്യോഗസ്ഥരും പരമാവധി ശ്രദ്ധയും, ജാഗ്രതയും പുലർത്തി വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉത്പാദന, വിതരണ, വിപണന പ്രവർത്തനങ്ങളെ തടയേണ്ടതാണ്.

എല്ലാ ജില്ലകളിലും 24 X 7 ആയി പ്രവർത്തിക്കുന്ന ഏറ്റവും കുറഞ്ഞത് 3 മൊബൈൽ പട്രോളിംഗ് യൂണിറ്റുകളെങ്കിലും ഉണ്ടെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്. മൊബൈൽ യൂണിറ്റുകൾ

ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും പട്രോൾ ചെയ്യേണ്ടതും കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യേണ്ടതുമാണ്.

ഓരോ എക്സൈസ് ഓഫീസിന്റെ അതിർത്തിക്കുള്ളിലും അബ്കാരി / എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ നടത്തുന്ന സ്ഥലങ്ങളും, മദ്യദുരന്തങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങളും കണ്ടുപിടിച്ച് പ്രത്യേകിച്ച് നിരീക്ഷണത്തിലാക്കേണ്ടതും സ്ഥിരം അബ്കാരി / എൻ.ഡി.പി.എസ്. കുറ്റവാളികളുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടതും മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിൽ നിന്നും മദ്യത്തിന്റെ കടത്ത് തടയുന്നതിനുവേണ്ടി ശക്തമായ പട്രോളിംഗ് നടത്തി എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തേണ്ടതുമാണ്. ടി കാലയളവിൽ മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർ കീഴുദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങളെ പ്രത്യേകം നിരീക്ഷിക്കേണ്ടതും യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഉദ്യോഗസ്ഥരുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്. എല്ലാ ഓഫീസ് മേധാവികളും കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി ക്രമീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ, എന്നിവർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്. വ്യാജമദ്യത്തിന്റെ ഉത്പാദന കേന്ദ്രങ്ങൾ, വ്യാവസായികം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി സ്പിരിറ്റ് സംഭരിച്ച് ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ, മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങൾ, സ്പിരിറ്റ് കടത്തിക്കൊണ്ടുപോകുന്ന വാഹനങ്ങൾ പാർക്ക്ചെയ്യുന്ന സ്ഥലങ്ങൾ എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കഴിയുന്നതും കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് വ്യാജമദ്യത്തിന്റെ വ്യാപനം കുറയ്ക്കുന്നതിന് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിൽ വരുത്തുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ജോയിന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

17/05/21

അഡീഷണൽ എക്സൈസ് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)

<u>പകർപ്പ്</u>

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

Sh.17/5/21